സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡ് - ആശ്രിത നിയമന വ്യവസ്ഥ പ്രകാരം നിയമിക്കപ്പെടുന്നതിന് അർഹരായവരുടെ പട്ടിക തയ്യാറാക്കുന്ന സംഗതി -- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC 10536/25/Est-4** നന്തൻകോട്, **10/03/2026**

---

പരാമർശം :- (1) 13-08-2014 ലെ ROC 9415/12/Est-IV നമ്പർ ബോർഡ് ഉത്തരവ്
(2) 26-09-2014 ലെ സ.ഉ(പി) നം. 33/2014/ഉ.ഭ.പ.വ സർക്കാർ ഉത്തരവ്.
(3)ദേവസ്വം കമ്മീഷണറുടെ 05-01-2026 ലെ ROC12000/25/Est-C നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡ് സർവ്വീസിലിരിക്കെ മരണമടഞ്ഞ ജീവനക്കാരുടെ ആശ്രിതർക്ക് നിയമനം നൽകുന്ന പദ്ധതി പ്രകാരം ക്ലാർക്ക്/$2^{nd}$ ഗ്രേഡ് സബ്ഗ്രൂപ്പ് ആഫീസർ തസ്തികയിലേയ്ക്കുള്ള സീനിയോരിറ്റി പട്ടിക ജീവനക്കാരൻ മരണപ്പെട്ട തീയതി (Death seniority) ക്രമത്തിൽ തയ്യാറാക്കുന്നതിന് ഉത്തരവായിരുന്നു (പരാമർശം -1).

ആശ്രിത നിയമന അപേക്ഷകരുടെ സീനിയോരിറ്റി നിശ്ചയിക്കുന്നത് സംബന്ധിച്ച മാനദണ്ഡങ്ങൾ രൂപീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് (പരാമർശം -2).

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിലവിലുള്ള ആശ്രിത നിയമന സീനിയോരിറ്റി പട്ടിക തയ്യാറാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ബോർഡ് പരിശോധിച്ച് ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ ചുവടെ വിവരിക്കും പ്രകാരം ഉത്തരവാകുന്നു.

- ആശ്രിത നിയമനത്തിനുള്ള മുൻഗണന പട്ടിക 26-09-2014 ലെ സ.ഉ (പി) നം. 33/2014/ഉ.ഭ.പ.വ സർക്കാർ ഉത്തരവിലെ പ്രകാരം valid application ക്രമത്തിൽ ദേവസ്വം കമ്മീഷണർ തയ്യാറാക്കേണ്ടതാണ്.

(മറുപുറം)

- 31-12-2025 വരെ സാധുവായ അപേക്ഷകൾ സമർപ്പിച്ച ഉദ്യോഗാർത്ഥികളെ ഉൾപ്പെടുത്തി അപേക്ഷാ തീയതിയുടെ അടിസ്ഥാനത്തിൽ സീനിയോരിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിന് ദേവസ്വം കമ്മീഷണറെ ചുമതലപ്പെടുത്തുന്നു.
- ദേവസ്വം കമ്മീഷണർ തയ്യാറാക്കുന്ന കരട് പട്ടിക ബോർഡിന് കീഴിലുള്ള എല്ലാ ആഫീസുകളിലും പ്രസിദ്ധീകരിക്കേണ്ടതും ആക്ഷേപങ്ങൾ പരിഹരിച്ചശേഷം അന്തിമ പട്ടിക അംഗീകാരത്തിനായി ബോർഡിലേക്ക് സമർപ്പിക്കേണ്ടതുമാണ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി
(ഒപ്പ്)
സെക്രട്ടറി

അനുബന്ധം : 26-09-2014 ലെ സ.ഉ(പി) നം. 33/2014/ഉ.ഭ.പ.വ. സർക്കാർ ഉത്തരവ്.

പകർപ്പ് :-

1. എല്ലാ ആഫീസ് മേധാവികൾക്കും
2. IT Division
3. സെക്ഷൻ ഫയൽ
4. ഫയൽ ബുക്ക്
5. ഫെയർ ആഫീസ് കോപ്പി

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK
KRN

# കേരള സർക്കാർ

## സംഗ്രഹം

ജീവനക്കാര്യം—സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള നിയമനം—അപേക്ഷകരുടെ സീനിയോറിറ്റി നിശ്ചയിക്കുന്നത് സംബന്ധിച്ച മാനദണ്ഡങ്ങൾ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

## ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ-സി) വകുപ്പ്

സ.ഉ. (പി) നമ്പർ 33/2014/ഉ.ഭ.പ.വ. തിരുവനന്തപുരം, 2014 സെപ്റ്റംബർ 26.

---

*പരാമർശം:*—1. 24-5-1999-ലെ സ.ഉ. (പി) നമ്പർ 12/99/ഉ.ഭ.പ.വ.

2. 21-7-2014-ലെ സ.ഉ. (കൈ) നമ്പർ 22/14/ഉ.ഭ.പ.വ.

## ഉത്തരവ്

സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള നിയമനത്തിനുള്ള വ്യവസ്ഥകൾ സൂചന (1)-ലെ ഉത്തരവുപ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ അപേക്ഷകരുടെ സീനിയോറിറ്റി സംബന്ധിച്ച വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ പ്രസ്തുത ഉത്തരവിൽ ഉൾപ്പെടുത്തിയിരുന്നില്ല. ഇതു സംബന്ധിച്ച് നിരവധി പരാതികൾ സർക്കാരിൽ ലഭിക്കുകയുണ്ടായി. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നവരുടെ സീനിയോറിറ്റി കണക്കാക്കുന്നത് സംബന്ധിച്ച് താഴെപ്പറയുന്ന വ്യവസ്ഥകൾ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു:

(i) 24-5-1999-ലെ G.O.(P) 12/99/P&ARD-യിലെ 'Appendix A' പ്രകാരമുള്ള ആശ്രിത നിയമനത്തിനുവേണ്ടിയുള്ള അപേക്ഷയോടൊപ്പം അനന്തരാവകാശ സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, മരണ സർട്ടിഫിക്കറ്റ്, വിധവ/വിഭാര്യൻ ഒഴികെയുള്ള ആളാണ് അപേക്ഷകനെങ്കിൽ വിധവ/വിഭാര്യന്റെ സമ്മതപത്രം, അപേക്ഷിക്കുന്ന തസ്തികയ്ക്ക് ആവശ്യമായ വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്, വിവാഹിതരായ മകൻ/മകൾ ആണ് അപേക്ഷ സമർപ്പിക്കുന്നതെങ്കിൽ ആശ്രിത സർട്ടിഫിക്കറ്റ് എന്നിവയും ഹാജരാക്കുകയാണെങ്കിൽ പ്രസ്തുത അപേക്ഷ 'valid application' ആയി കണക്കാക്കാവുന്നതാണ്. അപേക്ഷ പരിശോധിക്കപ്പെടുന്ന ഏതെങ്കിലും ഘട്ടത്തിൽ രേഖകളിൽ ന്യൂനതകൾ ഉള്ളതായി കണ്ടെത്തിയാൽ പ്രസ്തുത ന്യൂനതകൾ പരിഹരിച്ച് പുനഃസമർപ്പിക്കുന്ന തീയതിയായിരിക്കും valid application-ന്റെ

I.T. Division

തീയതി. അതനുസരിച്ച് ആശ്രിത നിയമനത്തിനുള്ള ആ അപേക്ഷകന്റെ സീനിയോറിറ്റിക്ക് മാറ്റം വരുന്നതാണ്. ഈ വിവരം അപേക്ഷകനെ യഥാസമയം അറിയിക്കേണ്ടതുമാണ്. എന്നാൽ ഭരണ വകുപ്പിൽനിന്നും ഇതിനോടകം നിയമനാനുമതി ലഭിക്കുകയും നിയമനം ലഭിക്കാത്തതുമായ അപേക്ഷകരുടെ സീനിയോറിറ്റി അവരുടെ നിയമന ഉത്തരവിന്റെ തീയതിതന്നെ ആയിരിക്കും.

(ii) ആശ്രിത നിയമനത്തിനുവേണ്ടിയുള്ള അപേക്ഷകർക്ക് valid application-ന്റെ തീയതിയുടെ ക്രമത്തിൽ ഓരോ വകുപ്പിലും നിയമനം നൽകേണ്ടതാണ്.

(iii) ഒരു വകുപ്പിൽ ഒരു ദിവസം ഒന്നിൽ കൂടുതൽ valid application ലഭിച്ചാൽ പ്രസ്തുത ഉദ്യോഗസ്ഥർ മരണപ്പെട്ട തീയതിയുടെ അടിസ്ഥാനത്തിൽ അപേക്ഷയുടെ മുൻഗണനാക്രമം നിശ്ചയിക്കേണ്ടതാണ്.

(iv) ഖണ്ഡിക 1-ൽ പരാമർശിക്കുന്ന എല്ലാ രേഖകളും സഹിതമായിരിക്കണം വകുപ്പദ്ധ്യക്ഷന്മാർ സർക്കാരിലേക്ക് അപേക്ഷകൾ അയയ്ക്കേണ്ടത്. അപൂർണ്ണമായ അപേക്ഷകൾ ഒരു കാരണവശാലും ഇനിമുതൽ സർക്കാരിലേക്ക് അയയ്ക്കുവാൻ പാടുള്ളതല്ല.

(v) ഓരോ വകുപ്പിലും ഇതു സംബന്ധിച്ച് ഒരു രജിസ്റ്റർ സൂക്ഷിക്കുകയും valid application-ന്റെ തീയതിയുടെ ക്രമത്തിൽ അപേക്ഷ രജിസ്റ്റർ ചെയ്ത് സീനിയോറിറ്റി നമ്പർ രേഖപ്പെടുത്തിയ രസീത് (Acknowledgement receipt) അപേക്ഷകർക്ക് നൽകേണ്ടതുമാണ്.

(vi) ജില്ലാ കളക്ടർമാർക്ക് അന്വേഷണത്തിനായി അയച്ചുകൊടുക്കുന്ന അപേക്ഷകൾ കളക്ടറേറ്റിൽ ലഭിക്കുന്നതിനനുസരിച്ച് അവിടത്തെ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും സീനിയോറിറ്റി നമ്പർ സർക്കാരിനെ അറിയിക്കുകയും ചെയ്യണം. അപേക്ഷ കളക്ടറേറ്റിൽ ലഭിക്കുന്നതിന്റെ മുൻഗണനാക്രമത്തിൽ കളക്ടറുടെ അന്വേഷണ റിപ്പോർട്ട് സർക്കാരിലേക്ക് ലഭ്യമാക്കുകയും വേണം.

(vii) സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് ആശ്രിത നിയമനം നൽകിയ കേസുകളിൽ സൂചന (2) ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം നിയമനം ക്രമീകരിക്കുന്ന തീയതി മുതലായിരിക്കും സീനിയോറിറ്റി നിശ്ചയിക്കുന്നത്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

കെ. അജയകുമാർ,
സെക്രട്ടറി.

3 67 2016 2081 S-14.